വൈദ്യുതി ബോർഡിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ഷൻ നടത്തിയവർക്കു നിയമനം

608 [826] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ഷൻ നടത്തിയിട്ടുള്ള എത്ര പേർക്ക് ഇനിയും നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവയിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർ എത്ര ;

(സി) സ്ത്രീകൾ എത്ര ;

(ഡി) ഇവർക്ക് ഈ വർഷം നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി, ഇ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ഒഴിച്ചുള്ള തസ്തികകളിലൊന്നും അടുത്ത കാലത്തു ഒഴിവുണ്ടാകുവാനുള്ള സാദ്ധ്യതയില്ലാത്തതിനാൽ ആ തസ്തികകളുടെ ലിസ്റ്റിൽ ഉള്ളവർക്ക് ഈ വർഷം നിയമനം ലഭിക്കാനിടയില്ല.

വൈദ്യുതാഘാതമേറ്റവർക്കു സഹായം

609 [828] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതാഘാതമേറ്റ് കരുനാഗപ്പള്ളി താലൂക്കിൽ പാവുമ്പാ വില്ലേജിൽ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതർക്കും ചികിൽസയിൽ കഴിയുന്നവർക്കും ബോർഡിൽനിന്നും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും എപ്പോഴൊക്കെയാണ് നൽകപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) പണി ചെയ്തു ജീവിക്കാൻ ആവാതെ ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ ഭാവിക്കുവേണ്ടി ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) മരിച്ചവരുടെ ആശ്രിതർക്കുവേണ്ടി ഇനിയും ബോർഡിൽനിന്നും എന്തെല്ലാം സഹായങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തെങ്കിലും ശിക്ഷണനടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആരുടെയെല്ലാം പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly